ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആസ്തിവികസന പദ്ധതിയുടെ പ്രവൃത്തികൾക്ക് ആദ്യമായി അലോട്ട്മെന്റ് കൈകാര്യം ചെയ്യുന്നത് കൊണ്ടു സംഭവിച്ച പിഴവാണെന്ന് കോഴിക്കോട് ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അധിവർഷം കാരണമുള്ള അധികദിനങ്ങൾ
സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച്

112 (84) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അതിവർഷം കാരണമുള്ള അധിക ദിനങ്ങൾ സർവ്വീസായി പരിഗണിക്കണമെന്നുള്ള ഹൈക്കോടതി നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പെരുമ്പാവൂർ കുറുപ്പടി ഗണപതി വിലാസം ഹൈസ്കൂളിൽ നിന്നും വിരമിച്ച അദ്ധ്യാപകൻ ശ്രീ. എം. വി. മത്തായിക്ക് എന്തൊക്കെ ആനുകൂല്യം പുനർ നിർണ്ണയിക്കാനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്;

(സി) 81027/2015/പെൻഷൻ-ബി/ഫിനാൻസ് നമ്പർ ഫയൽ പരിശോധിച്ച് ധനകാര്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) എല്ലാ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എം. വി. മത്തായി ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.10405 of 2009(u) കേസിൽ 22-9-2015-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരന്റെ യോഗ്യ സേവനകാലം അധിവർഷം കാരണം അധികമായി വരുന്ന 6 ദിവസങ്ങൾ കൂടി ചേർത്ത് പുനർനിർണ്ണയം ചെയ്യണം

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഉത്തരവ് പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത വിധി നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരായതിനാലും കേസിൽ ധനവകുപ്പിനെ കക്ഷി ചേർത്തിട്ടില്ലാത്തതിനാലും ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കേസിലെ ഒന്നാം എതിർകക്ഷിയായ കേരള അക്കൗണ്ടന്റ് ജനറൽ (എ&ഇ) സ്റ്റേ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) പെൻഷൻ ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും പുനർനിർണ്ണയിക്കണം എന്നാണ് ഹൈക്കോടതി ഉത്തരവിട്ടത്.

(സി) തീരുമാനം എടുത്തിട്ടുണ്ട്. WP(C)No.10405/2009 എന്ന കേസിലെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ അക്കൗണ്ടന്റ് ജനറൽ ധനവകുപ്പിന്റെ അഭിപ്രായമാരാഞ്ഞ പ്രസ്തുത ഫയലിന്മേൽ കോടതി ഉത്തരവ് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരാകയാൽ അപ്പീൽ ഫയൽ ചെയ്യണം എന്ന് അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിനെ കൂടി പ്രസ്തുത കേസിൽ കക്ഷി ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് എതിരാകയാൽ മേൽക്കോടതിയിൽ നിന്ന് അന്തിമവിധി വരുന്നതുവരെ ഇക്കാര്യം പരിശോധിക്കുവാൻ കഴിയില്ല.

ബഡ്ജറ്റ് മിച്ചം

113 (85) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെങ്കിലും കണക്കിനത്തിൽ ബഡ്ജറ്റ് പാസ്സാക്കിയ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാതെ മിച്ചം വരുകയുണ്ടായോ ;

(ബി) ഇപ്രകാരം ധനകാര്യ വകുപ്പിന് സറണ്ടർ ചെയ്ത തുക എത്രയാണ്, വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇപ്രകാരം അടുത്ത വർഷത്തെ കണക്കിൽ ഉൾപ്പെടുത്താവുന്ന സേവിംഗ്സ് എത്ര കോടി രൂപയാണ് ?

LIBRARY ARCHIVES Kerala Legislative Assembly